## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.451 29.01.2019-ൽ മറുപടിക്ക്**

## ഇ വേ ബിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ നടപ്പിലാക്കിയതുമൂലം ചരക്ക് സേവന നികുതിയിൽ ഉണ്ടാകുന്ന വെട്ടിപ്പ് തടയുവാൻ സാധിച്ചുവെന്ന് കരുതുന്നുണ്ടോ; | (എ) | ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഇ-വേ ബില്ലിൽ ഉള്ള വിവരങ്ങൾ വെബ്പോർട്ടലിൽ അപ്ഡേറ്റ് ആകുന്നതുകൊണ്ട് ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്ന വ്യാപാരികൾക്ക് ആയത് കണക്കിൽ ഉൾക്കൊള്ളിക്കാതെ നിർവാഹമില്ല. ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്നതിനായി നൽകുന്ന വിവരങ്ങൾ വ്യാപാരികളുടെ റിട്ടേണുമായി ഒത്തുനോക്കി പൊരുത്തക്കേട് കണ്ടുപിടിക്കാൻ സാധിക്കുമെന്നുള്ളതിനാൽ കണക്കിലെ തിരിമറിയ്ക്ക് സാധ്യത കുറവാണ്. |
| (ബി) | ഒരു ഇ-വേ ബിൽ ഉപയോഗിച്ച് വാഹനങ്ങൾ ഒന്നിലധികം തവണ ട്രിപ്പുകൾ നടത്തുന്നതായും അതിലൂടെ നികുതി വെട്ടിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്.<br>അപ്രൂവ് ചെയ്ത ഇ-വേ ബിൽ ക്യാൻസൽ ചെയ്യാൻ സാധിക്കുകയില്ല. കൂടാതെ ഒരു ഇൻവോയ്സ് ഉപയോഗിച്ച് ഒന്നിലധികം തവണ ( നിയമപരമായി ക്യാൻസൽ ചെയ്തത് ഒഴികെ) ഇ-വേ ബിൽ ജനറേറ്റ് ചെയ്യുവാൻ സാധിക്കാത്ത വിധത്തിൽ ഇ-വേ ബിൽ പോർട്ടൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ഒരൊറ്റ ഇ-വേ ബിൽ ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുന്നത് തടയാൻ ഇ-വേ ബില്ലും വാഹനങ്ങളിലെ ടോൾ സംവിധാനമായ ഫാസ്ടാഗും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇതു തടയുന്നതിന് എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| (ഡി) | ചരക്ക് നീക്കത്തിനുള്ള ഇ-വേ ബില്ലിന് ടോൾ പ്ലാസകളുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ഈ സംവിധാനം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | 30-ാം ജി.എസ്.ടി കൗൺസിലിലെ ഓഫീസർമാരുടെ സമ്മേളനത്തിൽ ഇ-വേ ബില്ലും ടോൾ പ്ലാസയുമായും ബന്ധപ്പെടുത്തി ഇ- വേ ബില്ലുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും ഇതിലൂടെ ചരക്ക് വാഹനങ്ങൾ പിൻതുടരുന്നതിനുമായി Radio Frequency Identification Data ( RFID) അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും 32-ാം ജി.എസ്.ടി കൗൺസിലിൽ 9-ാംമത്തെ അജണ്ടയായി പരിഗണിച്ച് പ്രാഥമിക ചർച്ച നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ